## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **08-10-2025 - ൽ മറുപടിയ്ക്ക്**

## മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചികിത്സയ്ക്ക് ശേഷം വിനോദസഞ്ചാരകേന്ദ്രങ്ങൾ കൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണ്. ഇന്ന് നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ആയുർവ്വേദം . ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദ സഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവ്വേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട് . കൂടാതെ ആയുർവ്വേദത്തിന്റെ പ്രചരാണർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് വിദേശ രാജ്യങ്ങളിലടക്കം പ്രചരണം നൽകുകയും ചെയ്തുവരുന്നു. ടൂറിസം വകുപ്പ് നടപ്പാക്കിയ ആയുർവ്വേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയതാണ് . ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ മൂലം ആയുർവ്വേദ മെഡിക്കൽ ടൂറിസത്തിന്റെ ഗുണനിലവാരം വർദ്ധിക്കുകയും നിരവധി ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ ആയുർവ്വേദത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട് . ആയുർവ്വേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികൾ ഉൾപ്പെടെയുള്ള സഞ്ചാരികൾ കേരളത്തിൽ എത്തിച്ചേരുന്നുണ്ട് .<br><br>ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ വിദേശ വിനോദ സഞ്ചാരികൾക്ക് |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദസെന്ററുകളുടെ ഗുണനിലവാരം ഉറപ്പവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സ്കീം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദസെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട് . ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നുണ്ട് .<br><br>സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയുർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ 60- ഓളം ആയുർവ്വേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ചു വരുന്നു . മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി . |

സെക്ഷൻ ഓഫീസർ